മട്ടാഞ്ചേരിയിലെ ജല ഗതാഗത മേഖല നേരിടുന്ന പ്രശ്നങ്ങൾ

42 (1599) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടാഞ്ചേരിയിലെ ജല ഗതാഗത മേഖല നേരിടുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ ഇപ്പോൾ എത്ര ബോട്ടുകൾ ഗതാഗതത്തിനുപയോഗിക്കുന്നു ;

(സി) ഇവിടെ ഗതാഗതത്തിനുപയോഗിക്കുന്ന ബോട്ടുകൾ കാലപ്പഴക്കം കൊണ്ട് നശിച്ചവയാണോ ;

(ഡി) ഒരു ബോട്ടുകൂടി അനുവദിക്കണമെന്ന ഗവൺമെന്റ് പ്രഖ്യാപനം നടപ്പിലാക്കിയോ ;

(ഇ) ഇല്ലെങ്കിൽ കാരണമെന്ത് ;

(എഫ്) മട്ടാഞ്ചേരിയിലെ ജലഗതാഗത മേഖലയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ടു ബോട്ടുകൾ ഗതാഗതത്തിനായി ഉപയോഗിക്കുന്നു.

(സി) അല്ല. പഴയ ബോട്ടുകൾ കാലാകാലങ്ങളിൽ റിപ്പയർ നടത്തി സർവ്വീസ് യോഗ്യമാക്കിയാണ് ബോട്ട് സർവ്വീസ് നടത്തുന്നത്.

(ഡി) ഇല്ല.

(ഇ) ഒരു ബോട്ടുകൂടി അനുവദിക്കുന്നതിന് 3 സെറ്റ് ജീവനക്കാരുടെ തസ്തിക കൂടി സൃഷ്ടിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(എഫ്) കൈക്കൊള്ളുന്നതാണ്.

ദേവസ്വം ബോർഡുകളുടെ ട്രഷറി നിക്ഷേപം

43 (1600) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചി ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, മറ്റ് ഹിന്ദുമത ധർമ്മ സ്ഥാപനങ്ങൾ എന്നിവ ഓരോന്നും ഗവൺമെന്റ് ഖജനാവിൽ എന്ത് തുക വീതം നിക്ഷേപിച്ചിട്ടുണ്ട് ;

(ബി) ഈ തുക പിൻവലിക്കുന്നതിന് എന്തെങ്കിലും തടസ്സമോ ഉപാധിയോ വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly